REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 30-06-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ അടിസ്ഥാന മാറ്റം അനിവാര്യമാണെന്ന് മുഖ്യമന്ത്രി VD സതീശൻ**
- **ട്രോളിംഗ് നിരോധനത്തിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷന് സംസ്ഥാന ഗവൺമെന്റ് 30 ലക്ഷം രൂപ അനുവദിച്ചു.**
- **പകർച്ചവ്യാധികൾക്കെതിരെ സ്ക്കൂൾ തല പ്രചാരണപരിപാടികൾക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കം.**
- **സെൻസസ് സെൽഫ് എന്യൂമറേഷന്റെ സമയ പരിധി ഇന്ന് അവസാനിക്കും.**
- **FIFA ലോകകപ്പ് ഫുട്ബോളിൽ ബ്രസീലും പരാഗ്വേയും പ്രീ-ക്വാർട്ടറിൽ. ജർമ്മനി പുറത്ത്.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ അടിസ്ഥാന മാറ്റം അനിവാര്യമാണെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. നിയമസഭയിൽ ബജറ്റ് ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി. പരമ്പരാഗത രീതിയിൽ നിന്നും മാറി ചിന്തിച്ച് വ്യത്യസ്തമായി തയാറാക്കി അവതരിപ്പിച്ച ബജറ്റാണെന്ന പ്രതിപക്ഷ ആക്ഷേപം പൂർണമായും അംഗീകരിക്കുന്നതായി VD സതീശൻ പറഞ്ഞു.

സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ കൊണ്ടു വരണമെന്നും പ്രവാസികൾ തിരിച്ചുവരുന്ന സാഹചര്യം എപ്പോൾ വേണമെങ്കിലും ഉണ്ടാകാം. അവരെ പുനരധി വസിപ്പിക്കണമെങ്കിൽ കൂടുതൽ മൂലധന നിക്ഷേപം വരണമെന്നും അദ്ദേഹം വ്യക്തമാക്കി.

സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കാൻ നികുതി പിരിവ് കാര്യക്ഷമമാക്കും. ആരുടെയും തലയിൽ അമിത നികുതി ഭാരം കെട്ടിവയ്ക്കാതെ ബദൽ മാർഗങ്ങളാണ് ഗവൺമെന്റ് തേടുന്നതെന്നും നികുതി ഘടന പൂർണമായും പുനസംഘടിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. നികുതി വെട്ടിപ്പുകാരെ കർശനമായി നേരിടുമെന്നും യഥാർത്ഥ നികുതിദായകരെ ഗവൺമെന്റ് സംരക്ഷിക്കുമെന്നും VD സതീശൻ അറിയിച്ചു.

✪✪✪

ട്രോളിംഗ് നിരോധനത്തിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 52 ദിവസത്തേക്ക് സൗജന്യ റേഷന് സംസ്ഥാന ഗവൺമെന്റ് 30 ലക്ഷം രൂപ അനുവദിച്ചു.

തൊഴിലില്ലായ്മ നേരിടുന്ന യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകളിലെ തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ, മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികൾ എന്നിവർക്കാണ് സൗജന്യ റേഷൻ.

ട്രോളിംഗ് നിരോധനകാലത്ത് വരുമാനം നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുക, സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുക, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പോഷകാഹാര പിന്തുണ ഉറപ്പാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

✪✪✪

വീടുകളിൽ പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ക്കൂൾ തല പ്രചാരണപരിപാടികൾക്ക് ഇന്ന് തുടക്കമാകും. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ മന്ത്രി K.മുരളീധരൻ ഉദ്ഘാടനം ചെയ്യും. മന്ത്രി N.ഷംസുദ്ദീൻ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് രൂപീകരിച്ച ഹൈപ്പവർ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ ഭാഗമായാണ് സ്ക്കൂൾ തല പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

UDF ഗവൺമെന്റിന്റെ പ്രിയദർശിനി സൗജന്യ യാത്രാപദ്ധതി KSRTCക്ക് പ്രതിദിനം രണ്ട് കോടി രൂപ വരുമാന ബാധ്യതയുണ്ടാക്കുന്നുണ്ടെങ്കിലും, സാധാരണക്കാരായ സ്ത്രീകളുടെ കുടുംബ ബജറ്റിനെ അത് വലിയ രീതിയിൽ സഹായിക്കുന്നുണ്ടെന്ന് മന്ത്രി CP ജോൺ നിയമസഭയിൽ പറഞ്ഞു. പദ്ധതി പ്രാബല്യത്തിൽ വന്നതോടെ KSRTC ബസുകളിലെ സ്ത്രീ യാത്രക്കാരുടെ എണ്ണത്തിൽ വൻ വർധനയാണ് രേഖപ്പെടുത്തിയത്. മുൻപ് പ്രതിദിനം 10 ലക്ഷം

സ്ത്രീകൾ യാത്ര ചെയ്തിരുന്ന സ്ഥാനത്ത് അത് 15 ലക്ഷമായി ഉയർന്നതായും CP ജോൺ അറിയിച്ചു.

സംസ്ഥാനത്ത് സമഗ്രമായ ഗതാഗത നയം രൂപീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് ആറ് പേർക്ക് കൂടി ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കോഴിക്കോട്ട് നാലും മലപ്പുറത്ത് രണ്ടുപേരിലുമാണ് രോഗബാധ. സംസ്ഥാനത്ത് ജൂൺ മാസം 197 പേർക്ക് രോഗബാധയും, 6 മരണവും റിപ്പോർട്ട് ചെയ്തു. ഈ വർഷം ഇതുവരെ 273 പേർക്കാണ് ഷിഗെല്ല സ്ഥിരീകരിച്ചത്.

കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലാണ് ജൂൺ മാസം ഏറ്റവും കൂടുതൽ പേർക്ക് രോഗം ബാധിച്ചത്.

✪✪✪

കോഴിക്കോട്ട് നിപാബാധിതന്റെ സമ്പർക്കപ്പട്ടികയിൽ 21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ ഹൈ റിസ്ക് വിഭാഗത്തിൽപ്പെട്ട 4 പേരെ കൂടി ക്വാറന്റൈനിൽ നിന്നും ഒഴിവാക്കി. ഒരാൾ രോഗബാധിതന്റെ കുടുംബാംഗവും മറ്റ് മൂന്നു പേർ ആരോഗ്യ പ്രവർത്തകരുമാണ്. കൂടാതെ ലോ-റിസ്ക് വിഭാഗത്തിൽപെട്ട 25 പേരെയും നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കി.

ഇതോടെ ഉയർന്ന റിസ്ക് വിഭാഗത്തിൽനിന്ന് ക്വാറന്റൈൻ ഒഴിവാക്കിയവരുടെ ആകെ എണ്ണം 11 ഉം നിരീക്ഷണത്തിൽ നിന്ന് ഒഴിവാക്കിയവരുടെ എണ്ണം 59 ഉം ആയി.

രോഗനിരീക്ഷണത്തിന്റെ ഭാഗമായി ജൂൺ 10 മുതൽ നിപ സമാന ലക്ഷണങ്ങൾ പ്രകടിപ്പിച്ചവരിൽ 57 പേരുടെ ഫലവും നെഗറ്റീവ് ആണ്.

നിപ രോഗ ബാധിതൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തുടരുന്നു.

✪✪✪

സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ബിരുദ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല പരിപാടി നാളെ മന്ത്രി റോജി.എം. ജോൺ ഉദ്ഘാടനം ചെയ്യും. തുടർന്ന് വിദ്യാർത്ഥികളുമായി മന്ത്രി സംവദിക്കും. സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലും ഇതിന്റെ ഭാഗമായി പ്രവേശനോത്സവ പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

ചീഫ് സെക്രട്ടറി എം. ജയതിലക് ഇന്ന് സ്ഥാനമൊഴിയും. പുതിയ ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹ ഇന്ന് ചുമതലയേൽക്കും. ശാരദ മുരളീധരൻ വിരമിച്ച ഒഴിവിൽ 2025 മേയിലാണ് ജയതിലക് ചീഫ് സെക്രട്ടറിയായത്.

✪✪✪

അഫ്ഗാനിസ്ഥാനിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണങ്ങളെ ഇന്ത്യ ശക്തമായി അപലപിച്ചു. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി സാധാരണക്കാർക്കാണ് വ്യോമാക്രമണത്തിൽ ജീവൻ നഷ്ടമായത്. പാകിസ്ഥാന്റെ ആക്രമണം അഫ്ഗാനിസ്ഥാന്റെ പരമാധികാരത്തിനു നേരെ നടത്തിയ ആക്രമണമാണെന്നും പ്രാദേശിക സമാധാനത്തിനും സ്ഥിരതയ്ക്കും ഇത് ഭീഷണിയാണെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ത്യയിലേക്ക് അനധികൃതമായി മയക്കുമരുന്ന് കടത്തുകയായിരുന്ന ഡ്രോൺ പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലെ അതിർത്തി പ്രദേശത്തിന് സമീപം തകർന്നുവീണു. ലാഹോറിൽ നിന്ന് ഏകദേശം 70 കിലോമീറ്റർ അകലെ നരംഗ് മണ്ടി പ്രദേശത്താണ് ഡ്രോൺ തകർന്ന് വീണത്. ഡ്രോണും കള്ളക്കടത്ത് വസ്തുക്കളും പൊലീസ് പിടിച്ചെടുത്തു.

✪✪✪

പശ്ചിമ ബംഗാൾ ഗവൺമെന്റ് ഏകീകൃത സിവിൽ കോഡ് നടപ്പാക്കാൻ തീരുമാനിച്ചു. മറ്റന്നാൾ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ ബില്ലിന്റെ കരട് നിർദ്ദേശം അവതരിപ്പിക്കുമെന്ന് മുഖ്യമന്ത്രി സുവേന്ദു അധികാരി നിയമസഭയിൽ പ്രഖ്യാപിച്ചു. ഇതിന് ഗുജറാത്ത്, ഉത്തരാഖണ്ഡ്, അസം എന്നീ സംസ്ഥാനങ്ങളുടെ മാതൃക പിന്തുടർന്ന്, വിരമിച്ച സുപ്രീം കോടതി ജസ്റ്റിസ് രഞ്ജന ദേശായിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചു.

✪✪✪

സംസ്ഥാനത്ത് 2027-ലെ സെൻസസിന്റെ ഭാഗമായി പൊതുജനങ്ങൾ സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്തുന്ന സെൽഫ് എന്യൂമറേഷന്റെ സമയ പരിധി ഇന്ന് അവസാനിക്കും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്. ജൂലൈ ഒന്ന് മുതൽ വീടുകൾ തോറും വിവരശേഖരണം തുടങ്ങും.

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും മഴ ശക്തമാകും. രണ്ടു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി..

...........വോയ്സ്......

കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ തുടർച്ചയായ രണ്ടാം ദിവസമായ ഇന്നും അതിശക്തമായ ഒറ്റപ്പെട്ട മഴ പ്രവചിക്കുന്ന rnയാണ്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് മലപ്പുറം കോഴിക്കോട്്, വയനാട് ജില്ലകളിൽ ശക്തമായ ഒറ്റപ്പെട്ട മഴ സൂചിപ്പിക്കുന്ന മഞ്ഞ ജാഗ്രതയുമുണ്ട്. അതേ സമയം തെക്കൻ ജില്ലകളിൽ ഇന്നു മഴയുടെ ശക്തി കുറയും. കേരളാ ലക്ഷദ്വീപ് തീരത്ത് ജൂലൈ രണ്ടു വരെ മൽസ്യ ബന്ധനത്തിനു പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

FIFA ലോകകപ്പ് ഫുട്ബോളിൽ ബ്രസീലും പരാഗ്വേയും പ്രീ-ക്വാർട്ടറിൽ.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ....

.........വോയ്സ്.......

ഇപ്പോൾ നെതർലെൻഡ്സ് മൊറോക്കയെ നേരിടുകയാണ്. രാത്രി പത്തരക്ക് മറ്റൊരു മത്സരത്തിൽ ഐവറിക്കോസ്റ്റ് - നോർവെയെ നേരിടും.

✪✪✪

പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ രണ്ടാം ദിനത്തിൽ സംസ്ഥാനത്ത് ഒരു ലക്ഷത്തി 30,000 കുട്ടികൾക്ക് ആരോഗ്യപ്രവർത്തകർ വീടുകളിലെത്തി തുള്ളിമരുന്ന് നൽകി. ഇതോടെ അഞ്ചു വയസിനു താഴെ ആകെ 19 ലക്ഷത്തി 80,000 കുട്ടികളിൽ 18 ലക്ഷത്തി 83,000 കുട്ടികൾ വാക്സിൻ സ്വീകരിച്ചതായി മന്ത്രി K.മുരളീധരൻ അറിയിച്ചു. 95.1 ശതമാനം കുട്ടികൾക്ക് വാക്സിൻ നൽകി. അവശേഷിക്കുന്ന ഏകദേശം ഒരു ലക്ഷം കുട്ടികൾക്ക് കൂടി ഇന്ന് വീടുകളിലെത്തി തുള്ളിമരുന്ന് നൽകി പദ്ധതി പൂർത്തിയാക്കും.

✪✪✪

പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഞായറാഴ്ച തുള്ളിമരുന്ന് നൽകാൻ സാധിക്കാതെയിരുന്ന അഞ്ചുവയസിന് താഴെ 5,358 കുട്ടികൾക്ക് വീടുകളിലെത്തി ആരോഗ്യപ്രവർത്തകർ തുള്ളിമരുന്ന് വിതരണം ചെയ്തു.

ജില്ലയിൽ 98.78 ശതമാനം കുട്ടികൾക്ക് തുള്ളിമരുന്ന് നൽകാൻ കഴിഞ്ഞതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

✪✪✪

പൾസ് പോളിയോ ഇമ്യൂണൈസേഷൻ പരിപാടിയുടെ രണ്ടാംദിനം കോഴിക്കോട് ജില്ലയിൽ 12,846 കുട്ടികൾക്ക് കൂടി തുള്ളിമരുന്ന് നൽകി. ഇതിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ 307 കുട്ടികളും ഉൾപ്പെടുന്നു.

✪✪✪

പാർശ്വവത്കൃത സമൂഹങ്ങളുടെ ഉന്നമനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ ജില്ലാ മിഷൻ കാസർകോട്ട് 'തുടരെ-വിഷൻ 2027' ശിൽപശാല സംഘടിപ്പിച്ചു. കുടുംബശ്രീയുടെ പുതിയ പദ്ധതികൾ, കുടുംബജീവിതത്തിലെ സന്തോഷങ്ങൾ എന്നിവയെ കുറിച്ച് ചർച്ച ചെയ്യുന്നതിന് സംഘടിപ്പിച്ച ശില്പശാല ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് KK സോയ ഉദ്ഘാടനം ചെയ്തു.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: ശ്രുതി എം, രജ്ന കെ*
*DEO: സി കെ സുബോധ്*